19248
29/11/16



സംഗ്രഹം

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - സമഗ്ര കേരള വികസനത്തിനുവേണ്ടി രൂപീകരിച്ച മിഷനുകളുടെ നടത്തിപ്പ് - 28.09.2016 ലെ സ.ഉ.(പി)നമ്പർ 41/2016/ആസാവ - ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആസൂത്രണ സാമ്പത്തികകാര്യ(ഡി) വകുപ്പ്**

**സ.ഉ(പി) നം.50/2016/ആ.സാ.വ** **തിരുവനന്തപുരം, തീയതി,26.11.2016**

പരാമർശം: 1. സഉ(പി)നം. 41/2016/ആസാവ തീയതി 28.09.2016.

2. സഉ(പി)നം. 49 /2016/ആസാവ തീയതി 04.11.2016.

## ഉത്തരവ്

കേരളത്തിന്റെ സമഗ്ര വികസനത്തിനു വേണ്ടി താഴെപ്പറയുന്ന നാല് ബൃഹത്തായ പദ്ധതികൾ അഞ്ചുവർഷം കൊണ്ട് ജന പങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

I. **സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി**

II. **ജന സൗഹൃദ സർക്കാർ ആശുപത്രികൾ**

III. **സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി**

IV. **ശുചിത്വം- മാലിന്യ സംസ്കരണം , കൃഷി വികസനം , ജലവിഭവ സംരക്ഷണം എന്നീ മൂന്ന് മേഖലകൾക്കും ഊന്നൽ നൽകിക്കൊണ്ടുള്ള ഹരിത കേരളം പദ്ധതി .**

2. മേൽ ഉത്തരവിൽ ജില്ലാതലത്തിൽ ഇതിലേയ്ക്കായി നാലുമിഷനുകളാണ് രൂപീകരിച്ചിരുന്നത്. എന്നാൽ പ്രായോഗികമായി ജില്ലാതലത്തിൽ ഒരു മിഷൻ എന്ന രീതിയിൽ പ്രവർത്തിക്കുകയും ആറ് കർമ്മസേനകൾ അതത് മേഖലയിൽ പ്രവർത്തിക്കുന്നതാകും ഉചിതമെന്ന് തീരുമാനിച്ച സാഹചര്യത്തിൽ നാലു മിഷനുകൾക്കും കൂടി ഒരു ജില്ലാതല മിഷൻ എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3. മേൽ പരാമർശിച്ച സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന സംസ്ഥാന മിഷനുകളിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാരുടെ അസോസിയേഷന്റേയും മുനിസിപ്പൽ ചെയർമാൻമാരുടെ ചേംബറിന്റേയും മേയേഴ്സ് കൗൺസിലിന്റേയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരിൽ നിന്നും ഓരോരുത്തരെയും കൂടി ഉൾപ്പെടുത്തുന്നതാണ്.

4. ബ്ലോക്കു തലത്തിൽ ഒരു മിഷൻ കൂടി രൂപീകരിച്ചു കൊണ്ട് ഉത്തരവാകുന്നു.ഈ മിഷന്റെ ഘടന സംബന്ധിച്ച് ഉത്തരവ് വിശദമായി പുറപ്പെടുവിക്കുന്നതാണ്.

5. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മേൽ ഭേദഗതികളോടെ നില നിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**വി.എസ്. സെന്തിൽ**
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും
എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർ /സെക്രട്ടറിമാർ /സ്പെഷ്യൽ സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാവകുപ്പുകൾക്കും
എല്ലാ ഓഫീസർമാർക്കും ,
നിയമസഭാ സെക്രട്ടറിയ്ക്ക് (ആമുഖ കത്ത് സഹിതം)
എല്ലാ വകുപ്പ മേധാവികൾക്കും / എല്ലാ ജില്ലാ കളക്ടർമാർക്കും
അഡ്വക്കേറ്റ് ജനറൽ എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുഭരണ ( എസ്.സി) വകുപ്പിന്
വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പിന്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Sebimol
സെക്ഷൻ ഓഫീസർ

പകർപ്പ് . മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്
മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടെയുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ സെക്രട്ടറിമാരുടെയും പി.എ മാർക്ക്
അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്( പ്ലാനിംഗ്)